വൈദ്യുതി ലഭിക്കാത്ത പ്രദേശങ്ങളിൽ വൈദ്യുതി എത്തിക്കാൻ നടപടി

36 [347] *ശ്രീ. കെ. വി. മോഹനൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ലഭിക്കാത്ത പ്രദേശങ്ങളിൽ വൈദ്യുതി എത്തിക്കാനുള്ള എന്തെല്ലാം പദ്ധതികളാണ് സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദീകരിക്കാമോ;

(ബി) വൈദ്യുതി ലഭിക്കാത്ത പ്രദേശങ്ങളിൽ വൈദ്യുതി എത്തിക്കാൻ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് പെരിങ്ങളം നിയോജകമണ്ഡലം എം.എൽ.എ. നൽകിയ നിവേദനത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് എന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഗ്രാമീണ വൈദ്യുതീകരണത്തിനായി താഴെ പറയുന്ന പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്.

1. പ്രോജക്ട് ഇൻറൻസീവ് ഇലക്ട്രിഫിക്കേഷൻ
2. സ്പെഷ്യൽ പ്രോജക്ട് അഗ്രിഫീഡർച്ചർ
3. പ്രധാനമന്ത്രിയുടെ ഗ്രാമീൺ വൈദ്യുതീകരൺ യോജന
4. രാജീവ്ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജന

രാജീവ്ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജന കേരളത്തിലെ 14 ജില്ലകളിലും നടപ്പിലാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. 2007-ഓടെ കേരളത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണമാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്.

(ബി) പെരിങ്ങളം നിയോജകമണ്ഡലത്തിലെ വൈദ്യുതി എത്താത്ത പ്രദേശങ്ങളിലേക്ക് രാജീവ്ഗാന്ധി ഗ്രാമീൺവൈദ്യുതീകരൺ യോജന പ്രകാരമുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നടപടികൾ എടുത്തുവരുന്നു. അറവലത്തു പാലം, ചിറ്റിക്ക, ഏലിക്കുന്ന്, നെല്ലിത്തറ, ചിറക്കണ്ടി എന്നീ സ്ഥലങ്ങളിൽ വൈദ്യുതീകരണ പ്രവർത്തനങ്ങൾക്ക് MLA-LAD വർക്കുകൾക്ക് അനുമതി നൽകിയിട്ടുണ്ട്. പെരിങ്ങളം മണ്ഡലത്തിൽ 31-12-2000 വരെ അപേക്ഷിച്ച പോസ്റ്റുവേണ്ട കണക്ഷനുകളും 31-2-2004 വരെയുള്ള പോസ്റ്റുവേണ്ടാത്ത കണക്ഷനുകളും നൽകിക്കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly